**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 210 — 26.09.2016 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ രോഗ നിർണ്ണയ സംവിധാനങ്ങൾ

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെ എക്സ്-റേ, സ്കാനിങ് യൂണിറ്റുകൾ തുടങ്ങിയ രോഗനിർണ്ണയ സംവിധാനങ്ങളോ പരിശോധനാ സംവിധാനങ്ങളോ ഡയാലിസിസ് യൂണിറ്റുകളോ തകരാറിലായാൽ യഥാസമയം തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ; | (എ) | യഥാസമയം തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) | തകരാർ യഥാസമയം പരിഹരിക്കാത്തതു മൂലം നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യഥാസമയം ചികിത്സ ലഭിക്കാതെ എത്ര രോഗികൾ മരണപ്പെട്ടിട്ടുണ്ട്; | (ബി)&(സി) | ഡയാലിസിസ് യൂണിറ്റിന്റെ ആർ.ഒ.പ്ലാന്റ് കേടായ രണ്ട് ദിവസ കാലയളവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒരു രോഗി മരണപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ രോഗി അടക്കം ഈ ആശുപത്രിയിൽ ഡയാലിസിസ് നടത്തി വന്നിരുന്ന രോഗികളെ തിരുവനന്തപുരം മെഡിക്കൽ കോളേജ് വഴി ഡയാലിസിസ് നടത്താൻ തയ്യാറെടുപ്പ് നടത്തിയിരുന്നെങ്കിലും ഈ രോഗി അവിടെ ചികിത്സയ്ക്കായി പോകുകയുണ്ടായില്ല. ഈ സംഭവത്തിൽ ആശുപത്രി ജീവനക്കാരിൽ നിന്നും യാതൊരു വിധത്തിലുള്ള വീഴ്ചയോ അവഗണനയോ ഉണ്ടായിട്ടില്ല. |
| (സി) | സൗജന്യ ഡയാലിസിസ് യൂണിറ്റ് തകരാറിലായതു കാരണം യഥാസമയം ചികിത്സ നൽകാൻ കഴിയാതെ രോഗി മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | തകരാറിലാകുന്ന ഉപകരണങ്ങൾ കിർലോസ്കർ കമ്പനി മുഖേന എത്രയും വേഗം തകരാർ പരിഹരിച്ച് പ്രവർത്തിപ്പിക്കാൻ കരാർ ഉണ്ടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ